ഉത്തരം

(എ) മുഖ്യമന്ത്രി —12 പ്രാവശ്യം
ഉപമുഖ്യമന്ത്രി —ഡൽഹി സന്ദർശനം നടത്തിയില്ല.
ഭക്ഷ്യ–സിവിൽ സപ്ലൈസ് മന്ത്രി —2 പ്രാവശ്യം
വനം വകുപ്പുമന്ത്രി —2 ,,
ധനകാര്യമന്ത്രി —5 ,,
തൊഴിൽ വകുപ്പുമന്ത്രി —3 ,,

മറ്റു മന്ത്രിമാർ നടത്തിയ ഡൽഹി സന്ദർശനത്തെപ്പറ്റി വിവരം ശേഖരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ എല്ലാ സന്ദർശനങ്ങളും ഔദ്യോഗികാവശ്യത്തിനാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മുഖ്യമന്ത്രിയുടെ യാത്രയ്ക്കായി വിമാനക്കൂലി ഇനത്തിൽ 15,629 രൂപ ചെലവായി. മറ്റു മന്ത്രിമാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

1985-86-ലെ മന്ത്രിമാരുടെ യാത്രാപ്പടി.

8 [10] ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ ഇതേവരെ സംസ്ഥാനത്തെ ഓരോ മന്ത്രിക്കും യാത്രാപ്പടി ഇനത്തിൽ ചെലവായ തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോരുത്തരും വിമാനയാത്രയ്ക്കു മാത്രമായി ചെലവാക്കിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) 1985-86-ൽ ഇതേവരെ ഓരോ മന്ത്രിക്കും യാത്രാപ്പടി ഇനത്തിൽ ചെലവായ തുകയും വിമാനയാത്രയ്ക്ക് ചെലവായ തുകയും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

മന്ത്രിമാർക്ക് ടെലഫോൺ ചാർജിനത്തിൽ ചെലവായ തുക.

9. [11] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫിനും വേണ്ടി ആകെ ചെലവായ ഫോൺചാർജ് എത്രവീതമാണെന്ന് പറയാമോ ?

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം 31-5-1985 വരെ ഓരോ മന്ത്രിക്കും ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻ മാർക്കും ടെലഫോൺ ചാർജിനത്തിൽ ചെലവായ തുക നക്ഷത്രചിഹ്നമിടാത്ത 6-ാം നമ്പർ ചോദ്യത്തിന് 1-7-1985-ൽ മറുപടി നല്കിയിട്ടുണ്ട്. 1-2-1985 മുതൽ 28-2-1986 വരെ ടെലഫോൺ ചാർജിനത്തിൽ ചെലവായ തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

മന്ത്രിമാരും കുടുംബാംഗങ്ങളും വാങ്ങിയ മെഡിക്കൽ ആനുകൂല്യം

10 [12] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയും മന്ത്രിയുടെ കുടുംബാംഗങ്ങളും മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽ നിന്ന് വാങ്ങിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ അധികാരത്തിലുള്ള ഓരോ മന്ത്രിക്കും മന്ത്രിയുടെ കുടുംബാംഗങ്ങൾക്കും വേണ്ടി മെഡിക്കൽ ആനുകൂല്യ ഇനത്തിൽ ഖജനാവിൽനിന്നും വാങ്ങിയ തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

കേരളത്തിലെ ഐ. എ. എസ്. കേഡറിലുള്ള ഉദ്യോഗസ്ഥൻമാർ

11 [15] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ഇന്ന് നിലവിലുണ്ട് ;

(ബി) കേരളത്തിൽ ഐ. പി. എസ്. കേഡറിൽ എത്ര ഉദ്യോഗസ്ഥൻമാർ നിലവിലുണ്ട് ;

(സി) അന്യ സംസ്ഥാനങ്ങളിൽ അലോട്ട് ചെയ്തിരുന്നതിൽ കേരളത്തിലേക്ക് അലോട്ട് ചെയ്തിട്ടുള്ള എത്ര പേരവരിലുണ്ട് ;

(ഡി) ഒരു നിശ്ചിതകാലയളവ് കഴിഞ്ഞാൽ സ്വന്തം സംസ്ഥാനത്തേക്ക് വരുവാൻ താൽപര്യമുള്ളവരെ അലോട്ടുചെയ്യുവാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാനുള്ള നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) 145

(ബി) 83

(സി) ഐ. എ. എസ്. 2, ഐ. പി. എസ്. 1

† അനുബന്ധം—II

‡ അനുബന്ധം—III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (11) കാണുക

		മന്ത്രി	പേഴ്സണൽ സ്റ്റാഫ്
		രൂപ	രൂപ
1.	ശ്രീ. കെ. കരുണാകരൻ (മുഖ്യമന്ത്രി)	1,30,217.00	51,160.00
2.	ശ്രീ. കെ. അവുക്കാദർകുട്ടി നഹ (ഉപമുഖ്യമന്ത്രി)	1,39,399.00	8,733.90
3.	ശ്രീ. ഇ. അഹമ്മദ് (വ്യവസായ വകുപ്പുമന്ത്രി)	1,97,303.00	15,938.70
4.	ശ്രീ. സുന്ദരൻ നാടാർ (ഗതാഗത വകുപ്പുമന്ത്രി)	37,429.50	3,450.00
5.	ശ്രീ. എ. എൽ. ജേക്കബ് (കൃഷി വകുപ്പുമന്ത്രി)	28,544.00	1,755.10
6.	ശ്രീ. റ്റി. എം. ജേക്കബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി)	1,19,690.50	12,585.00
7.	ശ്രീ. പി. ജെ. ജോസഫ് (റവന്യൂ വകുപ്പുമന്ത്രി)	85,363.50	5,283.00
8.	ശ്രീമതി എം. കമലം (സഹകരണ വകുപ്പുമന്ത്രി)	42,609.10	21,283.30
9.	ശ്രീ. കെ. എം. മാണി (ധനകാര്യ വകുപ്പുമന്ത്രി)	90,477.00	5,810.00
10.	ശ്രീ. കെ. പി. നൂറുദ്ദീൻ (വനം വകുപ്പുമന്ത്രി)	98,166.50	4,685.00
11.	ശ്രീ. പി. കെ. വേലായുധൻ (സാമൂഹ്യ വികസന വകുപ്പുമന്ത്രി)	88,629.60	2,116.00
12.	ശ്രീ. കെ. ശിവദാസൻ (തൊഴിൽ വകുപ്പുമന്ത്രി)	13, 064.00	3,298.50
13.	ശ്രീ. സി. എം. സുന്ദരം (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)	51,154.00	5,716.00
14.	ശ്രീ. എൻ. ശ്രീനിവാസൻ (എക്സൈസ് വകുപ്പുമന്ത്രി)	28,457.00	5,452.00
15.	ശ്രീ. വയലാർ രവി (ആഭ്യന്തര വകുപ്പുമന്ത്രി)	73,875.00	1,998.00
16.	ശ്രീ. യു. എ. ബീരാൻ (ക്ഷീര വകുപ്പുമന്ത്രി)	60,037.00	5,916.00
17.	ശ്രീ. എം. പി. ഗംഗാധരൻ (മുൻ ജലസേചന വകുപ്പുമന്ത്രി)	81,461.00	1,164.00
18.	ശ്രീ. ആർ. ബാലകൃഷ്ണപിള്ള (മുൻ വൈദ്യുത മന്ത്രി)	6,496.60	3,076.00
19.	ശ്രീ. കെ. പി. രാമചന്ദ്രൻ നായർ (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	37,606.00	2,783.40

LIBRARY ARCHIVES Kerala Legislative Assembly